**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 97** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അർഹരായവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. സിറിയക് തോമസ്
ശ്രീ. നാട്ടകം സുരേഷ്
ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കാലങ്ങളായി കൈവശമുള്ള ഭൂമിയ്ക്ക് ഉപാധികളില്ലാതെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലവിലുള്ള പ്രധാന ഭൂനിയമങ്ങളിൽ അധികവും അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ്. കാലാനുസൃതമായ ഭൂവിനിയോഗത്തിലെ മാറ്റം പരിഗണിച്ചുകൊണ്ട് ഭൂനിയമങ്ങളിൽ സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുകയോ സമഗ്രമായ നിയമ നിർമാണം കൊണ്ട്വരുകയോ അനിവാര്യമാണ്. കാലങ്ങളായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകരെ പട്ടയം അനുവദിക്കുന്നതിൽ നിന്നും തടയുന്ന പ്രശ്നങ്ങളിൽ നിലനിൽക്കുന്നുണ്ട്. നിസ്സാര കാരണങ്ങളിന്മേൽ കൃഷിഭൂമിയിൽ നിന്ന് കർഷകരെ ഇറക്കിവിടുന്നതിനുള്ള ശ്രമങ്ങൾക്ക് ശാശ്വത പരിഹാരമായി "ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം (പട്ടയങ്ങൾ)" എന്ന ആശയം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

തോട്ടം മേഖലയുടെ വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി തോട്ടം ഭൂമിയിൽ മറ്റു വിളകൾ കൃഷിചെയ്യുന്നതിനും തോട്ടം ഇതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനും തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും തോട്ട ഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നതിന് ഭേദഗതികൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുന:പരിശോധിക്കുന്നതിനായി സർക്കാർ ഒരു കമ്മീഷൻ രൂപീകരിക്കുന്നതും അതിന്റെ ശിപാർശയിന്മേലും ചർച്ചയിന്മേലും പൊതുമുതൽ സംരക്ഷിക്കുന്നതിനും ഭൂമിയുടെ വിതരണത്തിൽ നീതി ഉറപ്പാക്കുന്നതിനും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തെ പരിപോഷിപ്പിക്കുന്നതിനുമായി ഭൂനിയമങ്ങൾ പരിഷ്കരിക്കുന്നത് പരിശോധിക്കുന്നതാണ്.

**(ബി)** തോട്ടം മേഖലയിലെ ഭൂമി സംബന്ധിച്ചുള്ള നിയമങ്ങൾ പരിഷ്കരിച്ച് അർഹരായവർക്ക് പട്ടയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിലവിൽ പട്ടയത്തിനുള്ള അപേക്ഷകളിൽ ഇനിയും തീർപ്പാക്കേണ്ടുന്ന അപേക്ഷകൾ എത്രയുണ്ട്; അപേക്ഷകർക്ക് പട്ടയം വിതരണം ചെയ്യുന്നത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** നിലവിൽ ഇനിയും തീർപ്പാക്കേണ്ടുന്ന അപേക്ഷകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.

പട്ടയവിതരണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ജില്ല | തീർപ്പാക്കേണ്ടുന്ന അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7042 |
| കൊല്ലം | 1993 |
| പത്തനംതിട്ട | 1044 |
| ആലപ്പുഴ | 289 |
| കോട്ടയം | 251 |
| ഇടുക്കി | 60360 |
| എറണാകുളം | 6855 |
| തൃശ്ശൂർ | 4488 |
| പാലക്കാട് | 9810 |
| മലപ്പുറം | 17927 |
| കോഴിക്കോട് | 6720 |
| വയനാട് | 1630 |
| കണ്ണൂർ | 14418 |
| കാസറഗോഡ് | 5839 |